Draft #21 of File 70504/ACA8 SO/2022/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 11-Jun-2023 09:04 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

എൻ സി സി കേഡറ്റുകളുടെ 2021 -2022 അധ്യയന വർഷത്തിൽ 7 ദിവസം ആയും, 2022 ആഗസ്റ്റ് ഒന്ന് മുതൽ 8 ദിവസമായും പരിമിതപ്പെടുത്തി നടത്തിയ വാർഷിക പരിശീലന ക്യാമ്പിന്, 10 ദിവസത്തെ വാർഷിക പരിശീലന ക്യാമ്പിന് നൽകി വരുന്ന അതേ ഗ്രേസ് മാർക്ക് 2022 -2023 അധ്യയന വർഷം കൂടി ബാധകമാക്കി നല്കണമെന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ശിപാർശ - പഠന സമിതി റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 6532/AC A 3/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.06.2023

---

*പരാമർശം:*-1. ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 20.10.2022 തീയതിയിലെ എ2178/2022/എച്ച്.ഇഡിഎൻ നമ്പർ കത്ത്

2.16.01.2023 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം. 504/ACA 8/2023/എം.ജി.യു

3. 04.03.2023 തീയതിയിൽ ഡോ.ബിജു തോമസ്, മെമ്പർ സിൻഡിക്കേറ്റ് സമർപ്പിച്ച റിപ്പോർട്ട്

4. 23.05.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (23.03) ഇനം നമ്പർ : 36/23.03/70504/ACA8 SO/2022.

**<u>ഉത്തരവ്</u>**

എൻ സി സി കേഡറ്റുകളുടെ 2021 -2022 അധ്യയന വർഷത്തിൽ 7 ദിവസം ആയും, 2022 ആഗസ്റ്റ് ഒന്ന് മുതൽ 8 ദിവസമായും പരിമിതപ്പെടുത്തി നടത്തിയ വാർഷിക പരിശീലന ക്യാമ്പിന്, 10 ദിവസത്തെ വാർഷിക പരിശീലന ക്യാമ്പിന് നൽകി വരുന്ന അതേ ഗ്രേസ് മാർക്ക് **2022 - 2023** അധ്യയന വർഷം കൂടി ബാധകമാക്കി നൽകണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു. ഇക്കാര്യത്തിൽ വിശദമായി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സിൻഡിക്കേറ്റ് അംഗം ഡോ. ബിജു തോമസ്-നെ പരാമർശം (2) പ്രകാരം ചുമതലപെടുത്തുകയും, അദ്ദേഹം, "ഉന്നത വിദ്യാഭ്യാസ വകുപ്പിൻറെ ശിപാർശ പരിഗണിക്കാവുന്നതാണെന്നും, പ്രസ്തുത ഇളവ് 2022-2023 അധ്യയന വർഷത്തേക്ക് പരിമിതപ്പെടുത്തി നൽകാവുന്നതാണെന്നും" പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിയ്ക്കുകയും ചെയ്തു.

23.05.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് പരാമർശം (4) പ്രകാരം ഡോ. ബിജു തോമസ് സമർപ്പിച്ച റിപ്പോർട്ട് പരിഗണിക്കുകയും, ആയത് അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സെബാസ്റ്റ്യൻ പി ജോസഫ്

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡോ. ബിജു തോമസ്, മെമ്പർ സിൻഡിക്കേറ്റ്
2. പ്രിൻസിപ്പാൾ , അഫിലിയേറ്റഡ് കോളേജുകൾ
3. സർവ്വകലാശാല പഠന വകുപ്പ് മേധാവികൾ
4. വൈസ് ചാൻസലറുടെ / പ്രൊ വൈസ് ചാൻസലറുടെ പി.എസ്.
5. രജിസ്ട്രാറുടെ / പരീക്ഷാ കൺട്രോളറുടെ / എഫ് ഒ എന്നിവരുടെ പി.എ.
6. എ.ആർ./ ഡി.ആർ./ ജെ.ആർ.(അക്കാദമിക് / പരീക്ഷ വിഭാഗങ്ങൾ )
7. അക്കാഡമിക് /പരീക്ഷാവിഭാഗങ്ങളിലെ വിവിധ സെക്ഷനുകൾ
8. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ / സി റ്റെക്സ്
9. കണ്ടന്റ് മാനേജ്മെന്റ് സെൽ / ഐ ക്യൂ എ സി
10. എ സി സി 1,2 സെക്ഷനുകൾ
11. ഡയറക്ടർ ഐ ടി സെൽ , ഐ ടി സെൽ 1 &2
12. കരുതൽ ഫയൽ / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #21 of File 70504/ACA8 SO/2022/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 11-Jun-2023 09:04 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം